# ഇടശ്ശേരിയുടെ വ്യത്യസ്തമുഖം

**ഡോ. ഡി. ബഞ്ചമിൻ**

കവി വ്യക്തിത്വം സങ്കീർണ്ണമാണ്. സങ്കീർണ്ണതയുടെ കാര്യത്തിൽ താരതമ്യ ഭേദമുണ്ടാകാമെന്നേയുള്ളു. കവികളെ നിഷ്കൃഷ്ടമായ ഏതെങ്കിലും ഇസത്തിന്റെ 'ലേബലി'ലൊതുക്കി നിറുത്താൻ കഴിയാത്തതും അതുകൊണ്ടുതന്നെ. വിമർശകന്റെ കാഴ്ചപ്പാടിനും ഹിതത്തിനുമനുസരിച്ച് കവിവ്യക്തിത്വത്തിന്റെ ഏതെങ്കിലുമൊരുവശം പർവതീകരിച്ചു കാണിച്ചാണ് കവിയെ ഏതെങ്കിലും ഇസത്തിലൊതുക്കുക. അതുകൊണ്ടുതന്നെ വിമർശനം കവിവ്യക്തിത്വത്തിന്റെ ഭാഗിക വീക്ഷണത്തിലധിഷ്ഠിതമാകുന്നു. ഇതിനുദാഹരണം എത്രവേണമെങ്കിലുമുണ്ട്, മലയാളത്തിൽ. കുമാരനാശാൻ ഒരു കാല്പനിക കവിയാണെന്നുപറയുമ്പോൾ ആ വ്യക്തിത്വത്തിന്റെ കാതലായ ചില തലങ്ങൾ വിസ്മൃതമാകുന്നു. ശങ്കരക്കുറുപ്പിന്റെ മേൽ പല പല ഇസങ്ങളുടെ ലേബലുകൾ മാറി മാറി പതിക്കേണ്ടിവന്നതും ഇവിടെയോർക്കാം. മലയാളത്തിലെ തികഞ്ഞ വിപ്ലവകാരിയായി, റിയലിസത്തിന്റെ വക്താവായി കൊണ്ടാടപ്പെടുന്ന ഇടശ്ശേരിയേയും ഇങ്ങനെ ഭാഗികമായ വീക്ഷണത്തിന്റെ ചെപ്പിലൊതുക്കിക്കളഞ്ഞു നമ്മുടെ വിമർശകർ. ഇടശ്ശേരിയുടെ കാവ്യസംഭാവന സമഗ്രമായിക്കാണാൻ ശ്രമിക്കുന്ന വിമർശകനെ അമ്പരപ്പിക്കുക ആ കവിവ്യക്തിത്വത്തിന്റെ ബാഹ്യതലത്തിൽ പ്രകടമാകുന്ന അത്ഭുതകരമായ വൈരുദ്ധ്യങ്ങളാവും. ഈ വൈരുദ്ധ്യങ്ങളെ അപ്പാടെ ഏതെങ്കിലുമൊരു മൂല്യത്തിന്റെ അടിസ്ഥാനത്തിൽ സമന്വയിക്കാൻ ഇടശ്ശേരി ശ്രമിച്ചിട്ടുണ്ടാവണം, അതിലദ്ദേഹം വിജയിച്ചാലുമില്ലെങ്കിലും. ആ കാവ്യകല കവിവ്യക്തിത്വത്തിന്റെ അതിസങ്കീർണ്ണതയെയാണ് വെളിപ്പെടുത്തുന്നത്.

ഇടശ്ശേരിയെക്കുറിച്ച് നമ്മുടെ വിമർശകർ വരച്ചുവച്ചിട്ടുള്ള ചിത്രം മുദ്രാവാക്യപ്രായമായ ചില ഈരടികൾകൊണ്ട് കോറിയതാണ്.

'കുഴിവെട്ടിമൂടുക വേദനകൾ
കുതികൊൾക ശക്തിയിലേയ്ക്കു നമ്മൾ'
'അധികാരം കൊയ്യണമാദ്യം നാം
അതിനുമേലാകട്ടെ പൊന്നാര്യൻ'

അതിപ്രസിദ്ധമായ ഈ ഈരടികളിൽനിന്നു രൂപപ്പെടുത്താവുന്ന ഒരു വിപ്ലവകാരിയുടെ ചിത്രം. കൂട്ടത്തിൽ 'കാവിലെപ്പാട്ടും' 'പൂതപ്പാട്ടും' മനോവിജ്ഞാനത്തിന്റെ ഭാഷയിൽ വ്യാഖ്യാനിച്ച ലീലാവതിയെപ്പോലുള്ളവർ ഇടശ്ശേരിയുടെ വ്യക്തിത്വത്തിന്റെ മറ്റൊരു തലംകൂടി അനാവരണം ചെയ്തിട്ടുണ്ടെന്നു പറയാം. പക്ഷെ ഇവയിലൊന്നുമൊതുങ്ങുന്നതല്ല ആ വ്യക്തിത്വമെന്നു തോന്നിപ്പോകുന്നു, വീണ്ടുമാക്കവിതകൾ വായിക്കുമ്പോൾ. ഗാന്ധിയനാദർശത്തിന്റെ സൗമ്യമായ വെളിച്ചത്തിലിരുന്നെഴുതിയ കവിതകളുണ്ട്. ശുദ്ധമേ കാല്പനികമായ ഭാവച്ഛായകൾ നിറഞ്ഞ ഗ്രാമീണസൗന്ദര്യത്തിന്റെ ഹിരണ്മയഭംഗികളാരചിക്കുന്ന കവിതകളുണ്ട്. സൂക്ഷ്മമായ ഭക്തിയുടെ താരസ്വരമാണ് ചില കവിതകളിൽ നിന്നുയർന്നു കേൾക്കുന്നത്. ഇടതുപക്ഷ ചിന്താഗതിയുടെ അങ്ങേ തലയ്ക്കൽ ചെന്നുനിന്ന് അക്ഷമനായി ഗർജ്ജിക്കുന്നു ചിലപ്പോൾ അദ്ദേഹം. മരണത്തേയും മരണാതീതത്തേയും കുറിച്ചുള്ള ആത്മാർഥമായ അന്വേഷണമാണ് വേറെ ചില കവിതകളെ ശ്രദ്ധാർഹമാക്കുന്നത്. ഇവയും ഇനിയും കണ്ടെത്തപ്പെടാത്ത മറ്റു ചില ഇഴകളും ചേർന്നാണ് സങ്കീർണ്ണമായ ആ കവി വ്യക്തിത്വം പൂർണ്ണമാകുന്നതെന്നു പറയാം. ഈ വ്യക്തിത്വത്തിന്റെ അത്രവളരെ പ്രസിദ്ധമോ പ്രശസ്തമോ അല്ലാത്ത ഒരു വിതാനമാണ് ഇവിടെ വിശകലനം ചെയ്യാൻ ശ്രമിക്കുന്നത്.

മരണത്തെക്കുറിച്ചുള്ള ഒടുങ്ങാത്ത ചിന്തയും അശമ്യമായ അസ്വാസ്ഥ്യവും കാല്പനിക മനോഭാവത്തിന്റെ പ്രത്യേകതയാണെന്ന് പറയാറുണ്ട്. തീഷ്ണമായ ജീവിതരതിയും ജീവിതത്തിന്റെ ക്ഷണികതയെക്കുറിച്ചുള്ള അവബോധവും അഹംബോധവുമൊക്കെ ഈ മൃത്യുഭീതിയെ പ്രബലതരമാക്കുകയും ചെയ്യുന്നു. ഇടശ്ശേരിയുടെ ചില കവിതകളിൽ കാല്പനികമായ ഈ മൃത്യുന്മുഖത പ്രകടമാണ്. അത്തരം കവിതകളിലൊന്നാണ് മാർക്കണ്ഡേയൻ. മാർക്കണ്ഡേയനെക്കുറിച്ചുള്ള പുരാണപ്രസിദ്ധമായ കഥയെ ഒരൈതിഹ്യവുമായി സമന്വയിച്ച് സവിശേഷമായ രീതിയിൽ വ്യാഖ്യാനിച്ചിരിക്കുന്നു ഈ കവിതയിൽ.

മരണത്തെയും മരണത്തെ അതിജീവിക്കാനുള്ള മനുഷ്യന്റെ തീവ്രമായ വെമ്പലിനെയും ആവിഷ്കരിക്കാൻ മാർക്കണ്ഡേയ കഥയ്ക്ക് സഹജമായിത്തന്നെയുള്ള സാദ്ധ്യതകൾ വമ്പിച്ചതാണ്. അതിദീർഘമായ കൃച്ഛ്റതപസ്സിന്റെ ഫലമായി ലഭിച്ച മകൻ, പതിനാറാമത്തെ വയസ്സിൽ മരിക്കുമെന്ന്

മുൻകൂട്ടിയറിയുക. മകന്റെ 'ബുദ്ധി'ക്കു വേണ്ടി ആയുസ്സ് പണിപ്പെടുത്താൻ ബോധപൂർവ്വം സമ്മതിക്കേണ്ടിവരുന്ന മാതൃത്വത്തിന്റെ ദൈന്യം. പതിനാറുവർഷത്തെ ജീവിതത്തിന്റെ സ്വാസ്ഥ്യമാകെ കെടുത്തിക്കളയാൻ പോന്നതല്ലേ, അനിവാര്യമായ മരണത്തെക്കറിച്ചുള്ള ഈ അറിവ്. പുരാണകഥയിലെ മാർക്കണ്ഡേയൻ അതറിയുന്ന മാത്രയിൽത്തന്നെ ഭക്തിമാർഗ്ഗം സ്വീകരിക്കുന്നു. നിരന്തരമായ തപസ്സാധനയിലൂടെ കാലകാലനായ സാക്ഷാൽ പരമശിവനെ സംപ്രീതനാക്കുന്നു. എന്നാൽ ഇടശ്ശേരിയുടെ കവിതയിൽ മൃത്യുഭീതിജന്യമായ ഈ ഭക്തിക്ക് പ്രാധാന്യം നൽകിയിട്ടില്ലെന്നുവേണം പറയാൻ. അവിടെ പരമശിവൻ കൂറ്റനരയാലിന്റെ പിന്നിൽ സ്വീകാരസന്നദ്ധതയോടെ നിൽക്കുന്നതേയുള്ളു. അതുവരെ ഓടിയെത്തുന്ന ഭാരം മാർക്കണ്ഡേയനുതന്നെ. കവിയ്ക്കിവിടെ ദീപ്തമാക്കിക്കാണിക്കേണ്ടത് ഭക്തിയുടെ മഹത്വമല്ല, മനുഷ്യന്റെ അതുല്യമായ ഇച്ഛാശക്തിയുടെ പ്രഭാവമാണ്.

പതിനാറാം പിറന്നാളിന് പുത്രന്റെ ശിരസിൽ അരിയും പൂവും അർപ്പിച്ചനുഗ്രഹിക്കുന്ന മാതാവിന്റെ വിതുമ്പുന്ന ഹൃദയഗതി വെളിപ്പെടുത്തിക്കൊണ്ടാണ് കവിതയാരംഭിക്കുന്നത്. മാർക്കണ്ഡേയകഥയുടെ ദൗരന്തികാംശം ആ ഗാർഹികചിത്രത്തിൽ മന്ദ്രമായി ധ്വനിക്കുന്നുണ്ട്. അതു ക്രമേണ മാനുഷ്യകത്തിന്റെ തന്നെ മഹാദുരന്തമായി വികസിക്കുന്നു. ചിരംഞ്ജീവിത്വമാശംസിക്കുന്ന മാതാവിന്റെ കണ്ണീർക്കണങ്ങൾ ശിരസിൽപ്പതിക്കുമ്പോൾ ഉത്ക്ഷിപ്തനേത്രനായ മകൻ മർത്ത്യദുഃഖത്തിന്റെ സാക്ഷാദ്രൂപം കണ്ടു എന്നാണ് കവി പറയുന്നത്. കവി മാർക്കണ്ഡേയനെ കാവ്യാരംഭം മുതൽ അവസാനം വരെ പരാമർശിക്കുന്നത് 'മർത്ത്യൻ' എന്നാണ്. അങ്ങനെ കേവലമർത്ത്യന്റെ ബിംബമായി മാറുന്നു മാർക്കണ്ഡേയൻ.

പിന്നിൽ കാലവാഹനമായ മഹിഷത്തിന്റെ ചുടുനിശ്വാസമേൽക്കേ മാർക്കണ്ഡേയൻ അതിവേഗം പാഞ്ഞുതുടങ്ങുന്നു. മരണാതീതമായ ഒരു സത്തയെക്കുറിച്ചുള്ള നൈസർഗ്ഗികമായ അവബോധമാണ് അതിവേഗമവനെ മുന്നോട്ടു നയിക്കുന്നത്. എന്നല്ല ഈ സത്തയുടെ സമർഹനായ പിന്തുടർച്ചക്കാരൻ താനാണെന്ന ദൃഢപ്രത്യയവുമവനുണ്ട്. അങ്ങനെ–

'അമൃതാത്മകമാകും സത്തതൻ ശരിയാം പിൻ–
തുടർച്ചക്കാരന്നേലുമാത്മവിശ്വാസത്തോടെ'യുള്ള
ആ ഓട്ടം
'കഥകളൈതിഹ്യങ്ങൾ ചരിത്രങ്ങളും തകർ–
ന്നടിയും യുഗങ്ങളെച്ചവുട്ടിപ്പിൻതള്ളുന്നു'

മരണത്തെക്കുറിച്ചുള്ള ബോധമുദിച്ച ആദിപ്പുലർവേളയിൽ മനുഷ്യനാരംഭിച്ചതാണ് ഈ നിറുത്താത്ത ഓട്ടം. പിന്നിൽ മരണത്തിന്റെ ചുടുനിശ്വാസം അനുസ്യൂതമായേറ്റ മനുഷ്യൻ പടുത്തുയർത്തിയ സംസ്കാരങ്ങളും ചിന്താപരവും ശാസ്ത്രീയവുമായ നേട്ടങ്ങളുമെല്ലാം മരണത്തെ പരാജയപ്പെടുത്താനുള്ള ഈ വമ്പിച്ച പ്രയാണത്തിന്റെ സംഭാവനകളാണ്. പക്ഷേ അതൊന്നും മർത്ത്യന് പ്രാണഭിക്ഷനൽകാനോളം ശക്തങ്ങളല്ലെന്നതാണ് സത്യം. അതുകൊണ്ടുതന്നെ അവൻ പൂർവാധികം വേഗതയോടെ ഓടാൻ ബാധ്യസ്ഥനാകുന്നു.

മാനവപുരോഗതിയുടെ പ്രാകൃതഘട്ടത്തിൽ കത്തിക്കാളുന്ന പശിയാറ്റാൻ, ഹിംസ്രമൃഗങ്ങളെപ്പോലും കൊന്നുമലർത്താൻ പോന്ന കുന്തവുമായി നിൽക്കുന്നവരുടെ മുന്നിലൂടെ ആ മർത്ത്യൻ ഓടിപ്പോയി. പക്ഷേ അവരുടെ നിർദ്ദയത്വത്തിനാകട്ടെ, നിശിതായുധത്തിനാകട്ടെ വിടാതെ പിന്തുടരുന്ന മഹിഷത്തെ തടഞ്ഞുനിർത്താനായില്ല.

ആറ്ററികത്ത് പശുവിനെ മേയ്ക്കുന്ന ഇടയ സംസ്ക്കാരത്തിനെന്തേ കഴിഞ്ഞത്? ഉന്നതങ്ങളെ കീർത്തിക്കുന്ന ഗാനങ്ങൾ ഉച്ചത്തിലാലപിച്ച് ഭയചകിതമായ സ്വന്തം ഹൃദയങ്ങളെ ആശ്വസിപ്പിക്കാൻ മാത്രം – മർത്ത്യന്റെ അനാഥത്വത്തിനപ്പൊഴുമില്ല മാറ്റമൊന്നും.

കാർഷികവൃത്തിയുടെ മഹാസമൃദ്ധിയിൽ ജനങ്ങൾക്കുവേണ്ടി ഈട്ടംകൂട്ടിയ ധാന്യകൂമ്പാരങ്ങളിലേക്ക് പശുവിന്റെ കൊമ്പുകൾക്കിടയിലൂടെ തികഞ്ഞ വ്യർത്ഥബോധത്തോടെ മിഴിപായിക്കാനല്ലാതെ പ്രാണഭിക്ഷയ്ക്കുള്ള സാമർത്ഥ്യം സംസ്കാരത്തിന്റെ ഈ മൂന്നാംഘട്ടത്തിനുമില്ല.

നാഗരിക സംസ്കാരത്തിന്റെ കഥയോ? നേടിയ യുദ്ധവിജയങ്ങളുടെ മകുടങ്ങളെ മരണത്തിനു മുമ്പിൽ കാഴ്ചയർപ്പിച്ച് തൊഴുതു നിൽക്കാൻമാത്രം!

മരണം അതിന്റെ നിശിതമായ നഖങ്ങളിൽ കോർക്കാൻ കുതിച്ചെത്തുമ്പോൾ, തടസ്സക്കാരന്റെ ഭാവത്തിലടുക്കുകയും അകലുകയും ചെയ്യുന്ന ദേവൻമാരായ സൂര്യചന്ദ്രന്മാരാകട്ടെ, പിമ്പേ പിമ്പേ നെടുവീർപ്പോടെ ഓടിമറയുന്ന സന്ധ്യകളാകട്ടെ, എന്തെങ്കിലും ചെയ്യാൻ അശക്തമാകുന്നതേയുള്ളു.

പ്രകൃതിയും നിസ്സഹായമായി കൈവിട്ട മർത്ത്യൻ പിന്നെയും നിറുത്തില്ലാതെ ഓടുകതന്നെ. ഇതു കാണുന്ന കവി വളരെ ഗൗരവപൂർണ്ണമായ ഒരു ചോദ്യം ചോദിക്കുന്നു.

'മൃത്യുവോ സത്യം, സർവം മിഥ്യയോ? പലായന
രഥ്യയിൽത്താനോ പിണ്ഡാണ്ഡങ്ങൾതൻ സ്ഥിരഭാവം.'

മനുഷ്യൻ കൈവരിച്ച പുരോഗതികളെല്ലാം, നേട്ടങ്ങളെല്ലാം മരണത്തിന്റെ മുന്നിൽ മിഥ്യയാവുകയാണോ? പിന്നിൽ തൊട്ടുതൊട്ടില്ലെന്നെത്തുന്ന മരണത്തിനു പിടികൊടുക്കാതിരിക്കാൻ സർവദാ ചലിച്ചുകൊണ്ടിരിക്കുക എന്നതാണോ പിണ്ഡാണ്ഡങ്ങൾക്കു വിധിച്ചിട്ടുള്ളത്. നിറുത്തില്ലാത്ത ഓട്ടം ഒരിക്കലും സജീവമായ സുസ്ഥിതിയിലെത്തില്ലെന്നാണോ? ഈ തീവ്രവേഗമായ ചലനത്തിനിടയ്ക്ക് അവ തകർന്നുകൊണ്ടിരിക്കുന്നു എന്നുമോർക്കണം. എങ്കിലും അനുക്ഷണമായ തകർച്ചയോടെയുള്ള പിണ്ഡാണ്ഡങ്ങളുടെ അനാദികമായ മഹാപ്രസ്ഥാനം ഏതിന്റേയോ – മരണാതീതമായ അതിന്റേയോ നേർക്കാണെന്ന് ആസ്തികനായ കവി വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെ അമരസങ്കല്പത്തിന്റെ തളരാചിറകിലാണ് മനുഷ്യൻ പറക്കുന്നതെന്നും കവി നിരീക്ഷിക്കുന്നു. അവ്യക്തമെങ്കിലും തഥ്യമായ ഏതോ ഒരു സത്തയെ ലാക്കാക്കി പറന്നുകൊണ്ടേയിരിക്കുന്ന പിണ്ഡാണ്ഡങ്ങൾ, അവയ്ക്കു പിന്നിൽ തൊട്ടു തൊട്ടില്ലെന്ന മട്ടിൽ ഓടുന്ന മരണത്തിന്റെ നിശിതമായ നഖങ്ങളും. കവി സവിശേഷമായ ഒരു പ്രപഞ്ചവീക്ഷണം തന്നെ അവതരിപ്പിക്കുന്നു ഇവിടെ. അനുസ്യൂതമായ പ്രയാണമാണ് യഥാർത്ഥ ജീവിതാവസ്ഥ. മരണത്തിൽനിന്ന് മരണാതീതത്തിലേയ്ക്കുള്ള അവിശ്രാന്തമായ പ്രയാണം. ഈ കാഴ്ചപ്പാട് തികച്ചും ഭൗതികമായ ഒന്നല്ല. ഏറനാടൻ പാടത്തിന്റെ വളക്കൂറുള്ള മണ്ണിൽ നാമ്പിട്ട് അവിടെത്തന്നെ അടിഞ്ഞുകൂടുന്ന ഒന്നല്ല അത്. കുടിയൊഴിക്കലിന്റെ ദുരന്തത്തിലോ അധികാരംകൊയ്യലിന്റെ അനിവാര്യതയിലോ ഒതുങ്ങുന്ന ഒന്നുമല്ല. അതിന്റെ രണ്ടറ്റങ്ങളും അതിഭൗതികതയെ സ്പർശിച്ചുനിൽക്കുന്നു, മരണത്തെയും ആസ്തികതയേയും. ഇവിടെ ഇടശ്ശേരിയുടെ കവിവ്യക്തിത്വത്തിന്റെ വ്യത്യസ്തമായ ഒരു മുഖമാണ് പ്രകാശിതമാകുന്നത്.

'മർത്ത്യ'ന്റെ തീവ്രവേഗമായ ഈ പ്രയാണം ഒരു വഴിത്തിരിവിലെത്തുമ്പോൾ ക്ഷണനേരത്തേയ്ക്ക് നിശ്ചലമാകുന്നു. മുന്നിൽ വഴിമുടക്കി നില്ക്കുന്ന കൂറ്റനരയാൽ, അതിന്റെ രണ്ടു വശത്തേക്കും പിരിയുന്ന വഴിയും. ഒന്നു ജഡത്തിന്റേതും മറ്റേത് ജീവന്റേതുമാണ്. പക്ഷേ എങ്ങോട്ടും തിരിയാതെ മുന്നോട്ടു പോവുകയാണ് അവന്റെ ലക്ഷ്യം. ആ അരയാലിനപ്പുറമാണ് മഹാകാരുണ്യത്തിന്റെയുറവിടമായ പരമശിവൻ അനുഗ്രാഹമായ കരമുയർത്തി നില്ക്കുന്നത്.

ഇവിടെ വഴിമുടക്കിനില്ക്കുന്ന അരയാലെന്താണ്? ഐതിഹ്യത്തിൽ നിന്ന് കവി കണ്ടെടുത്ത ഒരു ബിംബമാണെന്നു വ്യക്തം. പക്ഷേ എന്താണതിന്റെ പൊരുൾ? 'സത്തോ'ന്മുഖമായ ജീവിതപ്രയാണം സുനിശ്ചിതമായ ഒരു വഴിത്തിരിവിലെത്തിയപ്പോൾ പ്രത്യക്ഷപ്പെട്ട 'മാലാ'ണെന്ന് കവി സൂചിപ്പിക്കുന്നുണ്ട്. സ്വയം തകർന്നുകൊണ്ടുള്ള പ്രയാണത്തിനിടയ്ക്ക് നഷ്ടപ്പെട്ടുപോയ പലതുമോർത്തുണ്ടായ ദുഃഖമാണോ പടർന്നു പന്തലിച്ച് ഭൂമിയുമാകാശവും നിറഞ്ഞുനിൽക്കുന്ന അരയാൽ? അഥവാ സാഹചര്യങ്ങളിൽ നിന്നൂറിക്കൂടിയ ധർമ്മസങ്കടമാണോ? അതോ ജീവിതത്തെ നിരന്തരം വേട്ടയാടുന്ന വിധി ഏർപ്പെടുത്തിയ ഭൗതികമായ യാദൃച്ഛികതയോ? എന്തുമാവാം. എന്തായാലും അതിനെ ലംഘിച്ചു മുന്നേറിയേ തീരൂ. ആസ്തികനായ കവി ഈ ആത്യന്തിക നിമിഷത്തിലും മനുഷ്യനിലുള്ള വിശ്വാസം കൈവിടുന്നില്ലെന്നതാണിവിടെ ശ്രദ്ധിക്കേണ്ടത്. മനുഷ്യന്റെ കൈപിടിച്ചുകരേറ്റാൻ അരയാലിന്റെ പിന്നിൽനിന്ന് പരമേശ്വരൻ വരുന്നില്ല. വരണമെന്ന് പ്രതീക്ഷിക്കപ്പെടുന്നുപോലുമില്ല. മുന്നിലെ 'പ്രത്യൂഹം' മനുഷ്യൻ സ്വയം തകർത്തെറിഞ്ഞ് മുന്നേറിയേ തീരൂ. അതിന് അവന്റെ കരുത്തുറ്റ ഇച്ഛാശക്തിയല്ലാതെ മറ്റൊന്നും തുണയുണ്ടാവില്ലതാനും

'എനിക്കു രസമീനിമ്നോന്നതമാം
വഴിക്കു തേരുരുൾപായിക്കൽ.
ഇതേതിരുൾക്കുഴി മേലുരുളട്ടേ,
വിടില്ല ഞാനീ രശ്മികളെ'

എന്നു പാടിയ കവിയുടെ അസാധാരണമായ ആത്മാവിശ്വാസവും, മനുഷ്യന്റെ ഇച്ഛാശക്തിയിലുള്ള ഒടുങ്ങാത്ത ആശ്രയവും തെളിയുന്ന നിമിഷമാണിത്. അതേ സമയം അരയാലിന്റെ പിന്നിൽ നില്ക്കുന്ന 'ശക്തി'യുടെ 'മണവാള'നെ ചിത്രീകരിക്കുമ്പോൾ ഒരു തികഞ്ഞ ആസ്തിക്യവാദിയുടെ നിരങ്കുശമായ ഹൃദയതാരള്യം പ്രകടമാണുതാനും. ലോകത്രാണനകുതകുമാർന്ന ഈശ്വരന്റെ പരമകാരുണ്യത്തെയാണ് കവി പ്രദീപ്തമാക്കിക്കാണിക്കുന്നത്, ആ കാരുണ്യത്തിന്റെ മഹാപ്രഭാവത്തെ പുൽകുന്നതിലൂടെ അമരത്വം കൈവരിക്കുന്ന മനുഷ്യന്റെ

ഇച്ഛാശക്തിയേയും. ഇവിടെ ഭക്തിയല്ല, മനക്കരുത്തോടുകൂടിയ ഏകാഗ്രമായ അധ്വാനമാണ് – കർമ്മമാണ് – സാഫല്യത്തിന്റെ മാർഗ്ഗം. ആ അദ്ധ്വാനത്തെ അംഗീകരിക്കുക മാത്രമേ ചെയ്യുന്നുള്ളു ഐശ്വര്യമായ കരുണ.

ഇടശ്ശേരി വ്യതിരിക്തനാകുന്നത് ഇവിടെയാണ്. മനുഷ്യമഹത്വത്തെപ്പറ്റിപ്പാടുന്ന നിമിഷങ്ങളിൽ ഈശ്വരനെത്തള്ളിപ്പറയുകയോ മറന്നുകളയുകയോ ചെയ്യുന്നവരാണ് നമ്മുടെ കവികളിലധികംപേരും. പ്രപഞ്ചചേതനയ്ക്ക് സങ്കീർത്തനമാലപിക്കാൻ തുടങ്ങുമ്പോൾ മർത്ത്യതയുടെ മഹദ്ദുരന്തമോർത്ത് ചൂളിപ്പോവുകയും ചെയ്യുമവർ. ഇവിടെക്കാണുന്നതതല്ല; കർമ്മധീരനായ മനുഷ്യനെ ധീരനായ ദൈവം അംഗീകരിക്കുന്നതാണ് ദർശനപരമായി ഇടശ്ശേരി നേടിയ സമതുലനത്തിന്റെ ഫലമാണ് ഈ അപൂർവാനുഭവമെന്നു പറയാം.

'പുത്തൻകലവും അരിവാളും' പോലുള്ള കവിതകളിൽക്കാണുന്നതിനേക്കാൾ എത്രയോ ഭിന്നമായ ഒരു ഘടനാശില്പമാണ് ഈ കവിതയുടേതെന്ന കാര്യവും ശ്രദ്ധിക്കേണ്ടതുണ്ട്. അത്യന്തം ഭാവനിർഭരമായ ഒരു ഗാർഹികാന്തരീക്ഷത്തിലാരംഭിക്കുന്ന കവിത യുഗങ്ങളെ പിന്നിട്ട് മാർത്ത്യസംസ്ക്കാരത്തിന്റെ നാഴികക്കല്ലുകൾ മറികടന്ന് മിക്കവാറും അതിഭൗതികമായ ഒരന്തരീക്ഷത്തിലേയ്ക്ക് വളരുന്നു.

സൂക്ഷ്മപരിശോധനയിൽ മറ്റൊന്നു കൂടികാണാം. മർത്ത്യനായ മാർക്കണ്ഡേയനിലൂടെ മനുഷ്യന്റെ അജയ്യമായ ഇച്ഛാശക്തിവെളിപ്പെടുത്തുന്ന കവിതന്നെ മാനവസംസ്കാരത്തിന്റെ നാളിതുവരെയുള്ള പുരോഗതി അമരത്വമാർജിക്കുന്നതിനൊട്ടുമേ സഹായകമല്ലെന്ന സൂചനകൂടി നൽകുന്നില്ലേ? ഇവിടെ മാർക്കണ്ഡേയനേയും അയാളുടെ പ്രയാണത്തിനിടയിൽ പിന്നിട്ട വ്യത്യസ്ത സംസ്കാരഘട്ടങ്ങളേയും രണ്ടായിക്കാണുമ്പോഴാണ് കുഴപ്പമുണ്ടാകുന്നത്. ഈ സാംസ്കാരികഘട്ടങ്ങളെയെല്ലാം സമൂഹമനുഷ്യനായ മാർക്കണ്ഡേയന്റെ അമരത്വത്തിലേയ്ക്കുള്ള പ്രയാണത്തിന്റെ ഭിന്ന ഘട്ടങ്ങളായിക്കാണുകയാണ് യുക്തിപൂർവം. അതായത് മരണത്തിന്റെ മുന്നിൽ പകച്ചുനിന്ന കാട്ടാളനും ഇടയനും കർഷകനും നാഗരികനുമെല്ലാം മാർക്കണ്ഡേയന്റെ തന്നെ സഞ്ചിതസംസ്കാരത്തിന്റെ അംശങ്ങളാണ്. അതൊന്നും മരണത്തെ വെല്ലുവിളിക്കാൻ ശക്തമാകുന്നില്ല. അവയേയും അതിവർത്തിക്കുന്ന മനുഷ്യൻ സ്വന്തമിച്ഛാശക്തിയുടെ സാർത്ഥകവും സഫലവുമായ പ്രയോഗത്തിലൂടെ അമരത്വം കൈവരിക്കുന്നു. ഇങ്ങനെ വ്യാഖ്യാനിക്കുമ്പോൾ മാർക്കണ്ഡേയൻ ഇരുപതാംനൂറ്റാണ്ടിന്റെ അന്ത്യപാദത്തിലെത്തിനിൽക്കുന്ന മനുഷ്യന്റെ തന്നെ ബിംബമായി മാറുന്നു. സഹസ്രാബ്ദങ്ങളുടെ സഞ്ചിതാനുഭവങ്ങളും സംസ്കാരങ്ങളുമിഴുകിച്ചേർന്ന അതീവസങ്കീർണ്ണമായ ഒരു ബിംബം. ഈ സങ്കല്പനപരമായ സങ്കീർണ്ണത ഇടശ്ശേരിയുടെ ഇതര കവിതകളിൽ കാണാനാവാത്തതാണ്.

നാടോടിത്തം നിറഞ്ഞ ഒരു പരുക്കൻ ഭാഷയാണ് ഇടശ്ശേരിയുടെതെന്നു പറയാറുണ്ട്. പക്ഷേ ഈ കവിതയിൽക്കാണുന്ന കാവ്യഭാഷ തീർച്ചയായും അതല്ല. കവിത്രയത്തിന്റെ കാവ്യഭാഷയോട്, പ്രത്യേകിച്ച് നിയോക്ലാസിക് പാരമ്പര്യത്തോട് ഏറെ ചാർച്ചപുലർത്തുന്ന, ഉള്ളൂരിന്റെ കാവ്യഭാഷയോട് ഏറെ അടുപ്പം തോന്നിക്കുന്ന പാണ്ഡിത്യപ്രധാനമായ ഒരു ഭാഷയാണ് ഈ കവിതയിൽക്കാണുന്നതെന്നു പറഞ്ഞാൽ തെറ്റാവില്ല. 'ഉൽക്ഷിപ്ത നേത്രൻ', 'സുചിരമക്ഷുണ്ണമാം', 'മഹാപ്രസ്ഥാനമനാദികം' 'പ്രത്യൂഹം' 'മാർഗ്ഗണം' തുടങ്ങിയ പ്രയോഗങ്ങൾ കവിത്രയത്തിനുശേഷമെങ്കിലും മലയാളകവിതയിൽ സുലഭമല്ലാതായിത്തീർന്നവയാണ്. ഇതൊരു പരിമിതിയായല്ല വസ്തുതയായാണ് ചൂണ്ടിക്കാട്ടുന്നത്. ബിംബകല്പനകളുടെ കാര്യത്തിലും കാണാം ഈ വ്യതിരിക്തത. ഗ്രാമീണ ജീവിതത്തിൽ നിന്നനായാസം പെറുക്കിയെടുത്ത വികാരലിപ്തങ്ങളായ ബിംബങ്ങളോട് സവിശേഷാഭിമുഖ്യം കാണിക്കുന്ന കവി ഈ കവിതയിൽ പ്രയോഗിക്കുന്ന ബിംബകൽപ്പനകൾക്കും അതിഭൗതികമായ ഒരു മാനമുണ്ടെന്നു തോന്നിപ്പോകും.

'അപ്പോത്തിൻ ഖുരാഘാതം പർവതങ്ങളെത്തട്ടി-
ത്തകർത്തീടുന്നൂ, പിളർഗ്ഗഹ്വരമുണ്ടാക്കുന്നൂ.
കരയെക്കരയിൽനിന്നകറ്റീടുന്നൂ: കടൽ-
ത്തിരയെ ദിഗന്തങ്ങളോളവുമോടിക്കുന്നൂ.
അത്യഗാധതയിങ്കൽക്കാളലോടിരിക്കുമി-
പ്പൃത്ഥ്വിതൻ മുഖഭാവം പ്രത്യഹം മാറ്റീടുന്നൂ.'

ജി. ശങ്കരക്കുറുപ്പിന്റേതല്ല ഈ ബിംബചിത്രങ്ങൾ. ഇടശ്ശേരിയുടെ തന്നെ ചിന്താതീക്ഷണമായ ഭാവനയിൽ നിന്ന് രൂപംകൊണ്ടതാണ്. ബിംബകല്പനയുടെ ചലനാത്മകതയും, പ്രൗഢിയും അതു സൃഷ്ടിക്കുന്ന ഉദാത്തമായ അനുഭവവും, ഇടശ്ശേരിയുടെ കവിവ്യക്തിത്വത്തെക്കുറിച്ച് നമുക്കുള്ള സ്ഥാപിത ധാരണകളോട് യോജിക്കുന്നതല്ല എന്നതാണ് സത്യം.

ഈ അന്വേഷണം വ്യക്തമാക്കുന്ന ഒരു പ്രധാന വസ്തുതയുണ്ട്. സ്ഥാപിതധാരണകളെല്ലാം മാറ്റിവച്ച് ഇടശ്ശേരിയുടെ കവിത സമഗ്രമായി പഠിക്കേണ്ടിയിരിക്കുന്നു. ആ കവി വ്യക്തിത്വത്തിന്റെ അമ്പരപ്പിക്കുന്ന സങ്കീർണ്ണത അനാവരണം ചെയ്യാൻ അത്തരമൊരു സമീപനത്തിനേ കഴിയൂ. പുത്തൻകലവുമരിവാളും പോലുള്ള കവിതകളേയും ബന്ധിപ്പിക്കുന്ന അധിഷ്ഠാനമൂല്യമെന്തെന്ന അന്വേഷണവും ഫലദായകമായിരിക്കും.

അക്കാദമിക്‌വിമർശനവും മറ്റും
ഡോ. ഡി. ബഞ്ചമിൻ